## പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജൂൺ 2, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. അടിയന്തരപ്രമേയം

കോവിഡ് രോഗവ്യാപനം

മി. സ്പീക്കർ: കോവിഡിന്റെ രണ്ടാം തരംഗത്തിൽ അനിയന്ത്രിതമായ രീതിയിലുണ്ടായ രോഗവ്യാപനവും മരണസംഖ്യ ഉയരുന്ന സാഹചര്യവും വാക്സിൻ ലഭ്യതയുടെ അപര്യാപ്തതയുംമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന കടുത്ത ആശങ്കയും പ്രതിസന്ധിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ

അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ് 19-നെ പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് മുമ്പുതന്നെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും സഹകരണത്തിലൂടെയും നടത്തിയ പ്രതിരോധപ്രവർത്തനങ്ങൾ മാതൃകാപരമാണ്. രോഗവ്യാപനം തടഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചതിന്റെ ഫലമായി മരണനിരക്ക് കുറയ്ക്കാൻ സാധിച്ചു. കോവിഡിനെ പ്രതിരോധിക്കാൻ ഫലപ്രദമായ മാർഗ്ഗം വാക്സിനേഷനാണ്. 45 വയസ്സിന് മുകളിലുള്ളവർക്കുമാത്രം വാക്സിൻ നൽകണമെന്ന കേന്ദ്രസർക്കാർ സമീപനത്തിന് ബദലായി എല്ലാവർക്കും സൗജന്യമായി വാക്സിൻ നല്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നേരിട്ട് വാക്സിൻ വാങ്ങി 18 മുതൽ 44 വയസ്സുവരെയുള്ളവർക്ക് നൽകുന്നതിനുള്ള ശ്രമം ആരംഭിച്ചു. ആദ്യഘട്ടത്തിൽ 32 വിഭാഗങ്ങളെയും തുടർന്ന് 11 വിഭാഗങ്ങളെയും മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി വാക്സിൻ നൽകുന്നതിന് ശ്രമിച്ചു. പ്രവാസികളെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്താനുള്ള ക്രമീകരണങ്ങൾ ആരംഭിക്കുകയും കിടപ്പുരോഗികൾക്ക് വാക്സിൻ നൽകാനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജനസംഖ്യാനുപാതികമായി എല്ലാ ജില്ലകൾക്കും വാക്സിൻ നൽകിയിട്ടുണ്ട്. കോവിഡ്

19 പ്രതിരോധ ചികിത്സാപ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി മുന്നോട്ടു പോകണമെന്നാണ് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ: കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും. കോവിഡിന്റെ രണ്ടാം തരംഗത്തിൽ ചെറുപ്പക്കാരുടെ മരണനിരക്കുയർന്നത് ശ്രദ്ധിക്കേണ്ടതാണ്. മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്നതിനാൽ ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. വിരമിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം പ്രയോജനപ്പെടുത്തി ആരോഗ്യമേഖല ശക്തിപ്പെടുത്തണം. രണ്ടാം ഡോസ് വാക്സിനേഷനുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനും രോഗതീവ്രതയും ജനസംഖ്യാനുപാതവും കണക്കിലെടുത്ത് ജില്ലകൾക്ക് വാക്സിൻ വിതരണം ചെയ്യുന്നതിനും ബ്ലാക്ക്ഫംഗസിനുള്ള മരുന്ന് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കോവിഡ് മരണനിരക്ക് കുറച്ചു കാണിക്കുന്ന പ്രവണത പരിശോധിക്കപ്പെടേണ്ടതാണ്. ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആദ്യഘട്ടത്തിൽ ജനസംഖ്യാനുപാതികമായും പിന്നീട് ഉപഭോഗം അനുസരിച്ചുമാണ് ജില്ലകൾക്ക് വാക്സിൻ വിതരണം ചെയ്തത്. കോവിഡ്

രോഗബാധയുടെ ആദ്യഘട്ടം മുതൽ രോഗനിയന്ത്രണത്തിനാവശ്യമായ ആരോഗ്യ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് രണ്ടാം തരംഗത്തിലെ അതിതീവ്രവ്യാപനം വൈകിപ്പിക്കാൻ സാധിച്ചത്. വിരമിച്ച ആരോഗ്യ പ്രവർത്തകരുടെ സേവനമുപയോഗപ്പെടുത്തിയും കോവിഡ് ബ്രിഗേഡ് രൂപീകരിച്ചും നടത്തുന്ന പ്രതിരോധപ്രവർത്തനങ്ങളെ അംഗീകരിക്കാൻ തയ്യാറാകണം. ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡമനുസരിച്ചാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബ്ലാക്ക് ഫംഗസ് (മ്യൂക്കോർ മൈക്കോസിസ്) ചികിത്സയ്ക്കാവശ്യമായ മരുന്ന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിരുപാധികമായ പിന്തുണ നൽകുന്നതോടൊപ്പം വീഴ്ച സംഭവിച്ചാൽ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്. കോവിഡ് ചികിത്സാകേന്ദ്രങ്ങളുൾപ്പെടെയുള്ള എല്ലാ ആശുപത്രികളിലും വെന്റിലേറ്ററുകളുൾപ്പെടെയുള്ള സംവിധാനങ്ങൾ ലഭ്യമാക്കുകയും കോവിഡിന്റെ

മൂന്നാം തരംഗം നേരിടാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നഷ്ടമാകാനിടയാക്കും. കേരളത്തിൽ കോവിഡ് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു റിസർച്ച് വിംഗ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കോവിഡ് രോഗവ്യാപനം രൂക്ഷമായ മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ അനുവദിക്കുകയും ആരോഗ്യവിദഗ്ദ്ധർ അടങ്ങുന്ന സമിതി രൂപീകരിച്ച് കോവിഡ് മരണനിരക്ക് സംബന്ധിച്ച് പരിശോധന നടത്തുകയും വേണം. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ സംരക്ഷിക്കുമെന്ന സർക്കാർ നിലപാട് സ്വാഗതാർഹമാണ്. കോവിഡ് പ്രതിരോധത്തിനായി പുതിയ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

## II. ശ്രദ്ധക്ഷണിക്കൽ

### 1. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ ചുമത്തിയിട്ടുള്ള നികുതി കുറയ്ക്കുകയോ വിലനിയന്ത്രണം ഏർപ്പെടുത്തിയോ സംസ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പെട്രോൾ ഡീസൽ വിലനിയന്ത്രണം

കേന്ദ്രസർക്കാർ എടുത്തുമാറ്റിയതിനാലാണ് ഇന്ധനവില ക്രമാനുഗതമായി ഉയരുന്ന സ്ഥിതിയുണ്ടായത്. അന്താരാഷ്ട്ര കമ്പോള വില താഴ്ന്നതിനനുസൃതമായി കേന്ദ്രസർക്കാർ എക്സൈസ് തീരുവ വർദ്ധിപ്പിക്കുകയാണ്. കേന്ദ്രസർക്കാർ ചുമത്തുന്ന എക്സൈസ് തീരുവകളിൽ ബേസിക് എക്സൈസ് തീരുവ മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്കിടുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കാതിരിക്കണമെങ്കിൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില കുറയുമ്പോൾ എക്സൈസ് തീരുവയിൽ വർദ്ധനവ് വരുത്തുന്ന രീതി കേന്ദ്ര സർക്കാർ അവസാനിപ്പിക്കണം. ഇന്ധന വിലവർദ്ധനവ് കാരണമുണ്ടാകുന്ന അവശ്യസാധനങ്ങളുടെ വിലക്കയറ്റം കേരളത്തെ ദോഷകരമായി ബാധിക്കുന്നു. അനിയന്ത്രിതമായി ഇന്ധനവില വർദ്ധിപ്പിക്കുന്ന നടപടിയിൽനിന്നും കേന്ദ്രസർക്കാർ പിന്തിരിയണം.

## 2. തീരദേശ പരിപാലന പദ്ധതികൾ

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: 2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതികളും കായൽ ദ്വീപുകൾക്കും വേമ്പനാട് കായലിനും വേണ്ടിയുള്ള പ്രത്യേക സമഗ്ര പരിപാലന പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 18-01-2019-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച CRZ നോട്ടഫിക്കേഷന്റെ ഭാഗമായുള്ള കരട് തയ്യാറായിട്ടുണ്ട്. പഞ്ചായത്തുകളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ കുറവാണെന്നതും തീരദേശത്തെ ജനസാന്ദ്രത പല നഗരങ്ങളിലേതിനേക്കാൾ കൂടുതലാണെന്ന അനുകൂല ഘടകങ്ങൾ പരിഗണിച്ച് 136 തീരദേശ ടൗൺ പ്രദേശങ്ങളെ CRZ കാറ്റഗറി 2-ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 2018-ൽ കേന്ദ്രസർക്കാരിന് കത്തയച്ചെങ്കിലും നാളിതുവരെ തീരുമാനമായിട്ടില്ല. പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പുതുക്കിയ പ്ലാൻ എത്രയുംവേഗം സമർപ്പിക്കുന്നതാണ്.

## III. സബ്മിഷൻ

### (1) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി. സി. മുകുന്ദൻ: മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയും പുതിയ ലാൻഡ് പ്ലാൻ

തയ്യാറാക്കുകയും സർവ്വെ നടത്തുകയും സാമൂഹികാഘാതപഠനം നടത്താൻ കളമശ്ശേരി കോളേജ് ഓഫ് സയൻസിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. ഒഴുകിവരുന്ന അധികജലം കടത്തിവിടാൻ തയ്യാറാക്കിയ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതിയ ഡിസൈനിന് അംഗീകാരം നൽകിയിട്ടുണ്ട്. നദിയുടെ സംരക്ഷണഭിത്തി നിർമ്മാണത്തിന്റെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരം നൽകി 2021 ഒക്ടോബർ മാസം പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (2) ശമ്പള പരിഷ്കരണം

ശ്രീ. എം. രാജഗോപാലൻ: മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പാക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഫിക്സേഷൻ റൂൾ, ഡി.എ. എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തി നൽകണമെന്ന് ദേവസ്വംബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി

സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിൽനിന്നും മറുപടി ലഭിച്ചാലുടൻ സമയബന്ധിതമായി ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. കെ. ഡി. പ്രസേനൻ: മംഗലം ഡാം വീട്ടിക്കൽ കടവ്, മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രസ്തുത റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 12 ലക്ഷം രൂപ വകയിരുത്തിയെങ്കിലും സാങ്കേതികാനുമതി നൽകി ഏഴ് തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ക്വാട്ട് ചെയ്യാത്ത സാഹചര്യത്തിൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് അപര്യാപ്തമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) സീ പോർട്ട് എയർ പോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത് : സീ പോർട്ട് എയർ പോർട്ട് റോഡിന്റെ NAD മുതൽ മഹിളാലയം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം

ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സീ പോർട്ട് എയർ പോർട്ട് റോഡിന്റെ രണ്ടാം ഘട്ട നിർമ്മാണവും HMT/NAD ഭൂമി ഏറ്റെടുക്കൽ നടപടിയും പുരോഗമിക്കുന്നു. NAD മുതൽ മഹിളാലയം വരെയുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകുകയും 437.28 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള സമിതിയുടെ അവലോകന റിപ്പോർട്ടിന് റവന്യൂ വകുപ്പിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള രണ്ട് പാലങ്ങളുൾപ്പെടെയുള്ള ഭാഗം 2017-ൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

## (5) മലയോര ഹൈവേ

ശ്രീ. ഒ. ആർ. കേളു: മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മലയോര ഹൈവേയുടെ മൂന്ന് റീച്ചുകളായുള്ള പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭിച്ചെങ്കിലും എസ്റ്റിമേറ്റ് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി പുനർസമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് റീച്ചുകളുടെയും

എസ്റ്റിമേറ്റ് ഒറ്റ എസ്റ്റിമേറ്റായി തയ്യാറാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. ആയത് ഉടൻതന്നെ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതും കമ്മിറ്റി നിർദ്ദേശങ്ങളനുസരിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതുമാണ്.

(6) ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഈരാറ്റുപേട്ട-വാഗമൺ റോഡ് ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിന് കിഫ്ബിയിൽനിന്ന് 63.99 കോടി രൂപയുടെ സാമ്പത്തികാനുമതിയും സ്ഥലം ഏറ്റെടുക്കലിന് 4458 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് സ്ഥലമേറ്റെടുത്ത് നൽകുന്ന മുറയ്ക്ക് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(7) കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വികസനം

ശ്രീ. ടി. ജെ. വിനോദ്: എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോച്യാവസ്ഥ പരിഹരിച്ച് വികസനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): എറണാകുളം ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള കാരിക്കാമുറിയിലെ 3.46 എക്കർ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ബസ് സ്റ്റാൻഡ് സ്ഥാപിക്കാനും നിലവിലുള്ള സ്ഥലത്ത് വാണിജ്യ സമുച്ചയം നിർമ്മിക്കാനുമുള്ള പ്രാഥമിക ചർച്ചകൾ പുരോഗമിക്കുകയാണ്. കിഫ്ബി ധനസഹായം, മറ്റ് സർക്കാർ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്ത സംരംഭം എന്നീ മാർഗ്ഗങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നത്.

(8) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാച്ചെലവ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യമുണ്ടാകുമെന്ന മുന്നറിയിപ്പിനെത്തുടർന്ന് സ്വകാര്യ ആശുപത്രികളുടെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്താനും ഇവിടെ ചികിത്സയ്ക്കെത്തുന്ന KASP ആനുകൂല്യത്തിന് അർഹരായവരിൽ സർക്കാർ റഫർ ചെയ്യുന്ന കോവിഡ് രോഗികൾക്ക് ചികിത്സയ്ക്ക് റേറ്റ് നിജപ്പെടുത്തുകയും 263-ഓളം സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 132.61 കോടി രൂപ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്നവർക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ റഫർ ചെയ്യാതെ സ്വകാര്യ ആശുപത്രിയിലെത്തുന്ന കോവിഡ് രോഗികളുടെ ചികിത്സാ നിരക്ക് നിജപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരാതി പരിഹാര സംവിധാനവും സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## IV. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### കോവിഡ് വാക്സിൻ

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 'കഴിഞ്ഞ ഒന്നരവർഷക്കാലമായി ലോകരാഷ്ട്രങ്ങളെ പിടിച്ചുകുലുക്കുന്ന മഹാമാരിയായ കോവിഡ്-19-നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ ആദ്യഘട്ടത്തിൽ ലോക്ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാൽ ദുർബലമായ സമ്പദ്ഘടനയെ അത് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗം തന്നെ സമ്പദ്ഘടനയെ പ്രതിസന്ധിയിൽ എത്തിച്ച ഘട്ടത്തിലാണ് ഈ മഹാമാരിയുടെ രണ്ടാം തരംഗം ഉണ്ടായിരിക്കുന്നത്. കോവിഡ്-19 എന്ന മഹാമാരിയെ ഉന്മൂലനം ചെയ്യുന്നതിന് എല്ലാ തലത്തിലുമുള്ള സർക്കാരുകളും പരമപ്രാധാന്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ

സാധിക്കുകയുള്ളൂ. ഇതിനായുള്ള ഏറ്റവും നല്ല മാർഗം സാമൂഹ്യതലത്തിൽ കോവിഡ്-19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിയാണ്. ഇതിന് ഏറ്റവും പ്രധാനമായത് സാർവത്രികമായ വാക്സിനേഷനാണ്. അത് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവത്രികവുമായി നൽകാൻ കഴിയണം. വാക്സിനേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എന്നതാണ് നമുക്ക് മുന്നിലുള്ള അടിയന്തരമായ കടമ.

വാക്സിൻ ഉൽപാദനത്തിലെ കുറവും, വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് പരമാവധി സാമ്പത്തിക ചൂഷണം നടത്താനാണ് വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിക്കുന്ന തുക വൃഥാവിലാണെന്ന കാഴ്ചപ്പാടല്ല വേണ്ടത്. ജനജീവിതം സാധാരണ നിലയിലാവുകയും വാണിജ്യ വ്യാപാര സേവനരംഗങ്ങൾ സ്വാഭാവികത വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും രാജ്യത്തെ കൈപിടിച്ചുയർത്താൻ കഴിയും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട്

ഇടപെടാൻ കേന്ദ്ര സർക്കാരിന് കഴിയണം.

മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. എന്നാൽ, അതിൽനിന്നും വ്യത്യസ്തമായ നടപടികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകുന്നത്. കേന്ദ്ര സർക്കാർ വാക്സിൻ സൗജന്യമായി നൽകുന്നതിനുപകരം സംസ്ഥാനങ്ങളോട് കമ്പോളങ്ങളിൽ മത്സരിക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനുപകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടിയെടുത്താൽ അത് രാജ്യത്തിനുണ്ടാകുന്ന സാമ്പത്തികലാഭം ചെറുതായിരിക്കില്ല. കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ നമുക്കു കഴിയും.

വർത്തമാന കാലത്ത് കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന് ഈ സഭ ഐകകണ്ഠേന ആവശ്യപ്പെടുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ

പിന്താങ്ങുന്നു.

സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്. ടി. സിദ്ദിഖ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പ്രമേയത്തെ പിന്താങ്ങുന്നു. രാജ്യത്തെ ജനങ്ങൾക്ക് സൗജന്യ വാക്സിൻ നൽകി കോവിഡ് മഹാമാരിയെ തടുത്തുനിർത്താനുള്ള പൂർണ്ണ ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനുണ്ട്. വാക്സിൻ നിർമ്മാണത്തിനും വില നിശ്ചയിക്കാനുമുള്ള അനുവാദം രണ്ട് കുത്തക കമ്പനികൾക്ക് നൽകിക്കൊണ്ട് കേന്ദ്രസർക്കാർ ജനങ്ങളെയാകെ വഞ്ചിച്ചിരിക്കുകയാണ്. പൊതു-സ്വകാര്യ മേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളെ പ്രയോജനപ്പെടുത്താതെ മൂന്നാം ലോകരാജ്യങ്ങൾക്ക് മരുന്ന് കയറ്റി അയയ്ക്കുകയാണ് ചെയ്യുന്നത്. ഈ നടപടിയോട് എതിർപ്പുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ഒരുമിച്ചുനിർത്തി കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയത്തെ തിരുത്തിക്കാനുള്ള പോരാട്ടത്തിന് ജനങ്ങളുടെ പിന്തുണയുണ്ടാകും. അതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ "അതിനാൽ" എന്നതിന് ശേഷം "കേരളം ആവശ്യപ്പെടുന്ന" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക എന്ന 4-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V. ക്രമപ്രശ്നം

### ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): 24-05-2021-ന് ബഹുമാനപ്പെട്ട ദേവികുളം എം.എൽ.എ. ഭരണഘടനയുടെ ആർട്ടിക്കിൾ 188 പ്രകാരം പ്രോട്ടെം സ്പീക്കർ മുമ്പാകെ നടത്തിയ പ്രതിജ്ഞ ഭരണഘടനയുടെ മൂന്നാം ഷെഡ്യൂൾ അനുശാസിക്കുന്ന പ്രകാരമുള്ളതായിരുന്നില്ല എന്ന് കണ്ടതിനാൽ നിയമവകുപ്പിന്റെ ഉപദേശം തേടി ഇന്ന് അദ്ദേഹം വീണ്ടും ബഹുമാനപ്പെട്ട സ്പീക്കർ മുമ്പാകെ ക്രമപ്രകാരം ദൃഢപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുത്തിരിക്കുകയാണ്. ക്രമപ്രകാരമല്ലാതെ പ്രതിജ്ഞ ചെയ്തതിന്റെ പേരിൽ നിയമസഭയുടെ ചരിത്രത്തിൽ ഇത് മൂന്നാം തവണയാണ് അംഗങ്ങൾ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വരുന്നത്. ഭരണഘടനാനുസൃതമല്ലാതെ സത്യപ്രതിജ്ഞ ചെയ്ത് അഞ്ച് ദിവസം സഭയിലിരുന്ന ദേവികുളം അംഗം ഭരണഘടനപ്രകാരമുള്ള ശിക്ഷയ്ക്ക് അർഹനാണ്. ചട്ടങ്ങളും കോടതിവിധികളും പ്രകാരം പ്രതിജ്ഞയെടുക്കാത്ത അംഗം ബിസിനസ്സിൽ പങ്കെടുക്കാൻ പാടില്ലെന്നിരിക്കെ സ്പീക്കർ തെരഞ്ഞെടുപ്പിലും വോട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ദേവികുളം അംഗം സഭയിലിരുന്ന ദിവസങ്ങളിൽ 500 രൂപ

പിഴയടയ്ക്കാൻ ബാധ്യസ്ഥനാണോയെന്നതും സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട് സാധുവല്ലെങ്കിൽ അത് റദ്ദ് ചെയ്യണമോയെന്നതും സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗുണ്ടാകണം.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം വിശദമായി പരിശോധിച്ച് പിന്നീട് റൂളിംഗ് നൽകുന്നതാണ്.

## VI. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ. സി. മൊയ്തീൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് തുടർഭരണം. സാമൂഹിക-സാമ്പത്തിക മേഖലകളിൽ പ്രതിസന്ധികളെ അതിജീവിക്കുന്നതിനും പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കുന്നതിനും സർക്കാരിന് കഴിഞ്ഞു. ദേശീയപാതാ വികസനവും മലയോര തീരദേശ ഹൈവേകൾ യാഥാർത്ഥ്യമാക്കാനും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റം വരുത്താനും സാധിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണവും ലൈഫ് ഭവന പദ്ധതിയും അഭിമാനാർഹമായ നേട്ടങ്ങളാണ്. ഗെയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനും നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും കിഫ്ബിയിലൂടെ വികസന പദ്ധതികൾ നടപ്പാക്കാനും സർക്കാരിന് സാധിച്ചു.

<u>ശ്രീ. സി. ആർ. മഹേഷ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് പ്രതിസന്ധി അതിജീവിക്കുന്നതിന് സ്ഥായിയായ പദ്ധതികളാവിഷ്കരിക്കുകയും എല്ലാവിഭാഗം കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാനുള്ള സംവിധാനങ്ങളൊരുക്കുകയും വേണം.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനക്ഷേമ പദ്ധതികൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഭരണത്തുടർച്ച. പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും അതിജീവിക്കാൻ സർക്കാർ സ്വീകരിച്ച നടപടി പ്രശംസനീയമാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഞ്ച് വർഷംകൊണ്ട് കർഷകരുടെ വരുമാനം 50% വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. ബേസ് പ്രൈസ് പ്രോഗ്രാമിൽ വിളകളുടെ വില വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം റബ്ബർ കർഷകർക്ക് ആശ്വാസം പകരുന്നതാണ്. നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യ ഹൈ സ്പീഡ് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ എല്ലാ മേഖലകളിലും ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്ന

വിധത്തിലുള്ള കർമ്മ പദ്ധതി നടപ്പിലാക്കണം. ലൈഫ് മിഷൻ പദ്ധതി അഴിമതി രഹിതമായി മുന്നോട്ടു കൊണ്ടുപോകുകയും വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടിയുടെ സംക്ഷിപ്ത രൂപമാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ സർക്കാർ മുന്നോട്ടുവച്ചത്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും പ്രകടനപത്രികയിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുകയും ചെയ്തതിന്റെ ഫലമാണ് തുടർ ഭരണം. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയും തീരദേശമേഖലയിലെ വികസന പദ്ധതികളും ദേശീയപാത വികസനവും വൈദ്യുതി മിച്ച സംസ്ഥാനമാക്കിയതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. കുടുംബശ്രീയുൾപ്പെടെയുള്ള വികസന പദ്ധതികളെ ദുർബലപ്പെടുത്താൻ ശ്രമിച്ച പ്രതിപക്ഷം കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നടപടികളെ എതിർക്കാതിരിക്കുന്നത് ഖേദകരമാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ച് സമസ്ത മേഖലകളിലും വികസനം കൊണ്ടുവരാൻ സർക്കാരിന് സാധിച്ചു. കടുത്ത സാമ്പത്തിക

പ്രതിസന്ധിക്കിടയിലും അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഊന്നൽ നൽകി. കുട്ടനാട് പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാർ പ്രകടന പത്രികയിലെ വാഗ്ദാനങ്ങളെല്ലാം നടപ്പാക്കാനുള്ള ശ്രമം നടത്തുകയും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ പോലുള്ള വികസന പദ്ധതികൾ ദുർബലപ്പെടുത്തുന്ന പ്രതിപക്ഷ നിലപാട് തിരുത്തണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് തുടർഭരണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നന്ദിപ്രമേയത്തെ എതിർക്കുന്നു. കോവിഡ് പ്രതിരോധത്തിനായി മാറ്റിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ജനങ്ങളെ സംരക്ഷിക്കാനുമുള്ള ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കുകയും സാമ്പത്തിക ഭദ്രത നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. പൗരത്വ ബിൽ നടപ്പാക്കുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാർ നടപ്പാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് തുടർഭരണം. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുവസംരംഭകത്വ പദ്ധതിയും പോഷകാഹാര

സുരക്ഷ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളും ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റവും പ്രശംസനീയമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): നന്ദിപ്രമേയത്തെ എതിർക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക-വ്യാവസായിക മേഖലകളിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാകണം. ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന വിപണിയെ സജീവമാക്കി സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രളയസാധ്യത കണക്കിലെടുത്ത് ജനങ്ങളെ പുരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസിയിൽ മാറ്റമുണ്ടാകണം. ജനങ്ങൾ പരിഭ്രാന്തരായി നിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് താങ്ങായി നിൽക്കുന്നതിനും കേരളത്തിന്റെ വളർച്ചയ്ക്കും വേണ്ടിയുള്ള നയപരിപാടികൾക്ക് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ പദ്ധതികൾക്കുള്ള അംഗീകാരമാണ് തെരഞ്ഞെടുപ്പ് വിജയം. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിൽ സർക്കാർ കാണിച്ച ജാഗ്രത പുതിയ രാഷ്ട്രീയ സംസ്കാരത്തിന് തുടക്കം കുറിച്ചു. ആഗോളവൽക്കരണ നയങ്ങൾക്കെതിരായ ബദൽ

രൂപപ്പെടുത്തുന്നതിനും കാർഷിക വ്യാവസായിക മേഖലകളെ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കാലാനുസൃതമായ പുരോഗതി ഉറപ്പാക്കുന്നതിനും സാമൂഹ്യസുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും ഇച്ഛാശക്തിയോടെ ദുരന്തങ്ങളെ അതിജീവിക്കാനും സാധിച്ചു. നവകേരള സൃഷ്ടിക്കായുള്ള പരിശ്രമങ്ങൾ തുടരും. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം എന്നിവ നടപ്പിലാക്കും. ഉന്നതവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ അറിവുകൾ സൃഷ്ടിക്കുന്നതിനുതകുന്ന രീതിയിൽ പഠനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ഊന്നൽ നൽകും. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനും പരമദരിദ്ര കുടുംബങ്ങളെ കണ്ടെത്തി സഹായങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കും. ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്ക് രൂപം നൽകുകയും സർക്കാർ പങ്കാളിത്തത്തോടെ പ്രവാസി കമ്പനികളും സഹകരണ സംഘങ്ങളും ആരംഭിക്കുകയും ചെയ്യും. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വ്യാപകമാക്കും. കൊച്ചി-പാലക്കാട്, കൊച്ചി-മംഗലാപുരം വ്യാവസായിക ഇടനാഴി, തിരുവനന്തപുരം ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് പദ്ധതി, തെക്ക്-വടക്ക് സിൽവർ ലൈൻ റെയിൽവേ

പദ്ധതി തുടങ്ങിയവ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. ഫാർമസ്യൂട്ടിക്കൽ ഹബ്ബുകളിലൊന്നാക്കി കേരളത്തെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കും. നാളികേര സംഭരണ-സംസ്കരണത്തിന് സഹകരണ മേഖലയുടെ സേവനം ഉപയോഗപ്പെടുത്തും. പട്ടികജാതി, ആദിവാസി വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തും. ജനസംഖ്യാനുപാതികമായി ബഡ് സ്കൂളുകൾ സ്ഥാപിക്കുകയും വയോജനങ്ങൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ചെയ്യും. ഉന്നതവിദ്യാഭ്യാസരംഗത്ത് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് 30 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അഫിലിയേറ്റഡ് കോളേജുകളുടെ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും കൂടുതൽ കോഴ്സുകൾ അനുവദിക്കുകയും ചെയ്യും. എല്ലാ പഞ്ചായത്തുകളിലും നഗരങ്ങളിലും മികച്ച കളിസ്ഥലങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കും. നാടൻ കലകളുടെ സംരക്ഷണം ഉറപ്പുവരുത്തും. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുന്നതിനും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ലൈറ്റ് മെട്രോ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കും. കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ സമയബന്ധിതമായി നടപ്പിലാക്കും. 30 ലക്ഷം കുടുംബങ്ങൾക്ക് നേരിട്ട് കുടിവെള്ളമെത്തിക്കുന്ന പദ്ധതിയും വീട്ടമ്മമാർക്ക് പെൻഷൻ നൽകുന്ന പദ്ധതിയും ശിശു സൗഹൃദ പദ്ധതികളും ആരംഭിക്കും. മിനിമം കൂലി 700 രൂപയായും

സാമൂഹ്യക്ഷേമ പെൻഷനുകൾ 2500 രൂപയായും വർദ്ധിപ്പിക്കും. അഴിമതി നിർമ്മാർജ്ജനത്തിന് നടപടി സ്വീകരിക്കുകയും സോഷ്യൽ പോലീസിംഗ് ശക്തിപ്പെടുത്തുകയും സർക്കാർ സർവ്വീസിലെ ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്യും. 'ഇ-വാഹന നയം' നടപ്പിലാക്കും. ശബരി റെയിൽപ്പാത പൂർത്തീകരിക്കും. കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ വിമർശിക്കാൻ തയ്യാറാകാതെ കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. കഴിഞ്ഞ അഞ്ചുവർഷക്കാലം വികസന-ക്ഷേമപ്രവർത്തനങ്ങൾ നടത്താനും മതനിരപേക്ഷത സംരക്ഷിക്കാനുമുള്ള നിലപാട് സ്വീകരിച്ചതിനാലാണ് ഇടതുമുന്നണിക്ക് തുടർഭരണം നേടാൻ സാധിച്ചത്. മുൻ സർക്കാർ തുടങ്ങിവച്ച വികസനക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകും.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയം 37-നെതിരെ 91 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.42-ന് പിരിഞ്ഞു.

*****